കേരളത്തിലെ വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിനുവേണ്ടി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നിയോഗിച്ച ഡി.ഡി. ആവാരി കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതുപോലെ സംസ്ഥാനത്തെ ഓരോ ബാങ്കും കാലാകാലങ്ങളിൽ കൈവരിക്കേണ്ട വായ്പാനിക്ഷേപ അനുപാതം കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുവേണ്ടി സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി കൂടുമ്പോൾ ഈ വിഷയം ഉന്നയിക്കാറുണ്ട്.

35 (3361) എസ്.എൽ.ആർ. ജീവനക്കാർ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര സീസണൽ ലേബറേഴ്സ് ഉണ്ട്;

(ബി) ഇവരുടെ അടിസ്ഥാന ശമ്പളം എത്രയാണ്; ഏതു വർഷമാണ് ഇവരുടെ അടിസ്ഥാന ശമ്പളം അവസാനമായി പുതുക്കിയത്;

(സി) 1997-ലെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ഇവരുടെ അടിസ്ഥാന ശമ്പളത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് അവർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ എസ്.എൽ.ആർ. ജീവനക്കാരെ അതാത് ജില്ലകളിൽ നിയമിക്കണമെന്ന അവരുടെ നിവേദനത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലായി സംസ്ഥാനത്ത് 870 എസ്.എൽ.ആർ. ജീവനക്കാരുണ്ട്.

(ബി) ഈ വിഭാഗം തൊഴിലാളികൾ ശമ്പള സ്കെയിലിന്റെ പരിധിയിൽ വരുന്നില്ല. ധനകാര്യവകുപ്പിൽനിന്നും ശമ്പള സ്കെയിൽ പുതുക്കി നൽകിയിട്ടുമില്ല.

(സി) 1997-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ പരിധിയിൽ ഈ വിഭാഗം ഉൾപ്പെടുന്നില്ല.

(ഡി) സംസ്ഥാന ജീവനക്കാരുടേയും, അധ്യാപകരുടേയും, മറ്റ് പൊതുഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ശമ്പളമാണ് പരിഷ്കരിച്ചത്.

(ഇ) എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി നിയമിച്ച കമ്മിറ്റി സമർപ്പിച്ച ശുപാർശയിന്മേൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(എഫ്) നിവേദനത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly